**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3229** **26-06-2024 - ൽ മറുപടിയ്ക്ക്**

**കാട്ടാക്കട നിയോജകമണ്ഡലത്തിലെ ഇ.എം.എസ്. ലൈബ്രററിയുടെ നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഐ. ബി. സതീഷ് | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | കാട്ടാക്കട മണ്ഡലത്തിൽ ആസ്ഥി വികസന ഫണ്ടും, പ്രത്യേക വികസന ഫണ്ടും ഉപയോഗിച്ച് അനുമതി ലഭിച്ച ഇ.എം.എസ്. ലൈബ്രറിയുടെ നിർമ്മാണത്തിന്റെയും കുറ്റിക്കാട് കുളം പാർക്ക് നിർമ്മാണത്തിന്റെയും നിലവിലെ സ്ഥിതി വിശദമാക്കാമോ; | (എ) | ബഹു. കാട്ടാക്കട എം.എൽ.എ യുടെ ആസ്തി വികസന ഫണ്ടിൽ ഉൾപ്പെടുത്തി 30 ലക്ഷം രൂപയുടെയും, എസ്.ഡി.എഫിൽ ഉൾപ്പെടുത്തി 20 ലക്ഷം രൂപയുടെയും ഭരണാനുമതി യഥാക്രമം കുറ്റിക്കാട് കുളം പാർക്ക് നിർമ്മാണം, ഇ.എം.എസ് ലൈബ്രറി നിർമ്മാണം എന്നീ പ്രവൃത്തികൾക്ക് നൽകിയിരുന്നു. കുറ്റിക്കാട് കുളത്തിനോട് ചേർന്ന് നിർമ്മിക്കുവാൻ ഉദ്ദേശിക്കുന്ന ഇ.എം.എസ് ലൈബ്രറിയുടെ സിറ്റിംഗ് ഏര്യയുടെ തൂണുകൾ കുളത്തിലേക്ക് ഇറക്കിയാണ് നിർമ്മിക്കേണ്ടത്. അതിനായി കുളം വറ്റിക്കാതെ പ്രവൃത്തികൾ ആരംഭിക്കുവാൻ കഴിയുമായിരുന്നില്ല. കുറ്റിക്കാട് കുളത്തിൽ കാട്ടാക്കട ഗ്രാമ പഞ്ചായത്ത് മത്സ്യകൃഷി നടത്തിയിരുന്നതിനാൽ വിളവെടുപ്പ് കഴിഞ്ഞാൽ മാത്രമെ കുളം വറ്റിക്കുവാൻ കഴിയുമായിരുന്നുള്ളൂ. ഇപ്പോൾ വിളവെടുപ്പ് കഴിഞ്ഞെങ്കിലും ടെണ്ടർ സമയത്തുണ്ടായിരുന്നതിനെക്കാൾ നിർമ്മാണ സാമഗ്രികളുടെ വില വർദ്ധനവ് കാരണം കരാർ റദ്ദാക്കണമെന്ന് ആവശ്യപ്പെട്ട് ഇരു പ്രവൃത്തികളുടേയും കരാറുകാർ അപേക്ഷ സമർപ്പിച്ച സാഹചര്യത്തിൽ, ഇ.എം.എസ് ലൈബ്രറിയുടെ നിർമ്മാണ കരാർ റദ്ദ് ചെയ്യുകയും, കുറ്റിക്കാട് കുളം പാർക്ക് നിർമ്മാണ പ്രവൃത്തിയുടെ കരാർ റദ്ദ് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുകയും ചെയ്യുന്നു. |
| (ബി) | പ്രസ്തുത പ്രവൃത്തികൾ അടിയന്തരമായി പൂർത്തിയാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കാമോ? | (ബി) | നിലവിൽ കുളത്തിൽ ചെളി അടിഞ്ഞ് കൂടി കിടക്കുന്നതിനാൽ വിശദമായ ഇൻവെസ്റ്റിഗേഷനും, ഡിസൈനും ചെയ്ത് എസ്റ്റിമേറ്റ് പുതുക്കേണ്ടതുണ്ട്. ആയതിനാൽ സോയിൽ ഇൻവെസ്റ്റിഗേഷൻ പ്രവൃത്തിക്ക് വേണ്ടിയുള്ള പാർട്ട് റ്റി.എസ് ലഭ്യമാക്കുന്നതിനും, മണ്ണ് പരിശോധന നടത്തുന്നതിനുമുള്ള നടപടികൾ അടിയന്തരമായി സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ